പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3007

20/06/2014 -ൽ
മറുപടിയ്ക്ക്

## മലയോര വികസന ഏജൻസിയുടെയും സഹ്യശ്രീ പദ്ധതിയുടെയും ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മലയോര വികസന ഏജൻസിയുടെ (ഹാഡ) പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവർത്തികൾ, മണ്ണുസംരക്ഷണ പ്രവർത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) സഹ്യശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ലക്ഷ്യങ്ങളാണ് നിറവേറ്റാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യ സംസ്കരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, ആയുർവേദ മരുന്നു നിർമ്മാണം എന്നിവയ്ക്കു മുൻഗണന നൽകികൊണ്ട് മലയോര മേഖലയിലെ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡിയോടുകൂടിയ ബാങ്ക് ലോൺ ലഭ്യമാക്കുക എന്നതാണ് സഹ്യശ്രീ പദ്ധതിയുടെ ലക്ഷ്യം. ഈ വർഷം ഡയറി മേഖലയ്ക്കാണ് ഊന്നൽ നൽകുന്നത്. |

| | |
|---|---|
| (സി) പ്രസ്തുത ലക്ഷ്യം എന്നത്തേക്ക് പൂർത്തീകരിക്കും എന്നറിയിക്കുമോ? | (സി) അതാത് കാലയളവുകളിൽ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക അതാത് സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങൾ മുൻനിർത്തിയിട്ടുള്ളതാണ്. അത്തരം ഉദ്ദേശലക്ഷ്യങ്ങൾ അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളു. |

Bijumon

സെക്ഷൻ ഓഫീസർ